**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 906** **30-06-2022 - ൽ മറുപടിയ്ക്ക്**

**പരിസ്ഥിതി ലോല മേഖലയുടെ വ്യാപ്തിയിൽ ഇളവ് വരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. രാജ,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ പരിധിക്കുള്ളിലുള്ള പ്രദേശങ്ങളെല്ലാം പരിസ്ഥിതിലോല പ്രദേശമായി മാറ്റണമെന്ന സുപ്രീംകോടതി നിർദ്ദേശം പ്രാവർത്തികമാക്കിയാൽ സംസ്ഥാനത്തെ എത്ര വില്ലേജുകളിലെ ജനങ്ങളെ ബാധിക്കാനിടയുണ്ടെന്ന് അറിയിക്കാമോ; | (എ) | ബഹു.സുപ്രീം കോടതിയുടെ 03-06-2022-ലെ വിധി വിലിരുത്തുന്നതിനും തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിനെ കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.<br><br>ടി യോഗ തീരുമാന പ്രകാരം ഒരു കിലോ മീറ്റർ പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. **എത്ര വില്ലേജുകളെ ബാധിക്കുമെന്നത് പഠനം പൂർത്തിയാക്കിയാൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ.**<br><br>**കൂടാതെ 03.06.2022 ലെ ബഹു. സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ** |

| | | | |
|---|---|---|---|
| | | | **സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചു കൊണ്ട് ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയേയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പൊതുതാല്പര്യം കണക്കിലെടുത്ത് പരിസ്ഥിതിലോല മേഖലയുടെ വ്യാപ്തിയിൽ ഇളവ് വരുത്താൻ കേന്ദ്ര സർക്കാരിനെ സമീപിക്കണമെന്ന് കോടതി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | പൊതുതാല്പര്യം കണക്കിലെടുത്ത് പരിസ്ഥിതിലോല മേഖലയുടെ വ്യാപ്തിയിൽ ഇളവ് വരുത്താൻ കേന്ദ്ര സർക്കാർ / എംപവേർഡ് കമ്മിറ്റി മുഖേന ബഹു.സുപ്രീം കോടതിയെ സമീപിക്കാവുന്നതാണെന്ന് ബഹു.സുപ്രീം കോടതിയുടെ, 03-06-2022-ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്രസർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 08/06/2022-ൽ ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>സംരക്ഷിത മേഖലയ്ക്കു ചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിനു പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര വനം മന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് 18.06.2022 ൽ വച്ച് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്ഥമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവ് അഭ്യർത്ഥിച്ചത്. ജനവാസ മേഖലകളെ ഒഴിവാക്കി പരിഷ്കരിച്ച ശിപാർശ സംസ്ഥാനം നൽകിയിട്ടുണ്ട്. ഇതു പരിഗണിച്ച അന്തിമ വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് ബഹു. കേന്ദ്ര വനം മന്ത്രിയെ അറിയിച്ചിട്ടുണ്ട്. |
| (സി) | വന സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതോടൊപ്പം പരിസ്ഥിതി ലോലമെന്ന | (സി) | **03.06.2022 ലെ ബഹു. സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ** |

| | | | |
|---|---|---|---|
| | പേരിൽ മലയോര പ്രദേശങ്ങളിലെ വികസന നിർമ്മാണ പ്രവർത്തനങ്ങൾ അസാധ്യമാകാനിടയുള്ള സാഹചര്യം സംജാതമാകാതിരിക്കാൻ നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ? | | **സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചു കൊണ്ട് ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയേയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ